(ബി) എങ്കിൽ അവ ഏതെല്ലാം ; എത്ര കുട്ടികൾ ഓരോ കോഴ്സിലും പഠിക്കുന്നു ;

(സി) അംഗീകാരമില്ലാത്ത കോഴ്സുകൾ പഠിച്ചിറങ്ങുന്നവർക്ക് രജിസ്ട്രേഷൻ സൗകര്യമുണ്ടോ ;

(ഡി) അംഗീകാരമില്ലാത്ത കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാൻ സർക്കാർ മെഡിക്കൽ കൗൺസിലിനെ സമീപിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ചില ബിരുദാനന്തര കോഴ്സുകൾക്ക് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കേണ്ടതായുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇൻഡ്യൻമെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത കോഴ്സുകൾ പഠിച്ചിറങ്ങുന്നവർക്ക് രജിസ്ട്രേഷൻ സൗകര്യമില്ല.

(ഡി) അംഗീകാരമില്ലാത്ത കോഴ്സുകൾക്ക് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

19 (*167) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനുവേണ്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് 'ലാമിനേറ്റഡ് കാർഡുകൾ നൽകാൻ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കാൻ നടപടി സ്വീകരിക്കുമോ ;

† അനുബന്ധം - III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൂടുതൽ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിന് ഉതകുന്ന രീതിയിലുള്ള സംവിധാനം എക്സ്ചേഞ്ചുകളിൽ ഏർപ്പെടുത്തുമോ ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരെ പരിഗണിക്കാൻ സാദ്ധ്യതയുള്ള തൊഴിൽ തിരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് ഇതിന്റെ ആദ്യപടിയെന്ന നിലയിൽ തിരുവനന്തപുരത്തുള്ള പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഡാറ്റാ എൻട്രി ജോലികൾ പൂർത്തിയാക്കിവരുന്നു. രജിസ്ട്രേഷൻ കമ്പ്യൂട്ടറിന്റെ സഹായത്തോടെ നടത്തുന്നതിന് ട്രയൽറൺ നടത്തി വരികയാണ്. സംസ്ഥാനത്തെ മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവത്ക്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് ഐഡന്റിറ്റി കാർഡായി നൽകുന്നത് സാധാരണ കാർഡാണ്. രജിസ്ട്രേഷൻ പുതുക്കുമ്പോഴും അഡീഷണൽ യോഗ്യതകൾ ചേർക്കുമ്പോഴും ഈ കാർഡിൽ ആവശ്യമായ എൻട്രികൾ നടത്തേണ്ടതായുണ്ട്. ലാമിനേറ്റഡ് കാർഡുകൾ നൽകി കഴിഞ്ഞാൽ ആവശ്യമായ എൻട്രികൾ പിന്നീട് നടത്തുവാൻ പ്രയാസമാണ്. അതിനാൽ ഇക്കാര്യം പരിഗണനയിലില്ല.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ഘട്ടംഘട്ടമായി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗദായകർ അറിയിക്കുന്ന ഒഴിവുകൾക്കാണ് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. ആയതിനാൽ കൂടുതൽ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ചാൽ മാത്രമേ കൂടുതൽ തൊഴിൽ രഹിതർക്ക് തൊഴിലവസരം ലഭിക്കുകയുള്ളൂ. ഉദ്യോഗാർത്ഥികളുടെ ബാഹുല്യമനുസരിച്ച് തൊഴിലവസരങ്ങൾ ലഭ്യമല്ലാത്തതിനാൽ 'കെസ്റു' എന്ന സ്വയം തൊഴിൽ പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി വരികയാണ്.

(ഇ) മൂന്നു വർഷത്തിലൊരിക്കൽ തൊഴിൽ തിരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടി ഇപ്പോൾ തന്നെ നിലവിലുണ്ട്. പ്രൊവിഷണൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയതിന് ശേഷം ഉദ്യോഗാർത്ഥികളിൽ നിന്നും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ സ്വീകരിച്ച ശേഷമാണ് ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. ആറുമാസത്തിലൊരിക്കൽ ഈ ലിസ്റ്റ് റിവ്യൂ ചെയ്യാറുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly